കശുവണ്ടി തൊഴിലാളികൾക്ക് പെൻഷൻ

50 [2242] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികൾക്ക് 1988 മുതൽ 1991 ഫെബ്രുവരി വരെ പെൻഷൻ ഇനത്തിൽ എന്തുതുക സർക്കാർ ചെലവഴിച്ചു;

(ബി) ജില്ല തിരിച്ച് എത്ര കശുവണ്ടി തൊഴിലാളികൾക്ക് പ്രതിവർഷം ഇക്കാലയളവിൽ പെൻഷൻ നൽകി; എന്തു തുക ഓരോ ജില്ലയിലും ഇതിനുവേണ്ടി ഇക്കാലയളവിൽ പ്രതിവർഷം ചെലവഴിച്ചു?

ഉത്തരം

(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിലേക്കായി 1990 ഡിസംബർ 31 വരെ 20,90,550 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

വ്യവസായ തൊഴിലാളി ക്ഷേമനിധിയിലേക്ക് പിരിഞ്ഞു കിട്ടിയ തുക

51 [2243] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വ്യവസായത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് 1991 മാർച്ച് 15-ാം തീയതി വരെ എന്തു തുക പിരിഞ്ഞു കിട്ടിയെന്ന് വ്യക്തമാക്കുമോ;

(ബി) കാർത്തികപ്പള്ളി താലൂക്കിൽ ഈ കാലയളവിൽ എന്തു തുക പിരിഞ്ഞുകിട്ടി;

(സി) കാർത്തികപ്പള്ളി താലൂക്കിൽ എത്ര മദ്യ വ്യവസായ ശാലകളാണ് പ്രവർത്തിക്കുന്നത്;

(ഡി) ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥൻമാർ ഈ സ്ഥാപനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഓരോ സ്ഥാപനത്തിലും ജോലിയെടുക്കുന്ന തൊഴിലാളികളുടെ പേരു വിവരം വ്യക്തമാക്കുമോ;

(എഫ്) ക്ഷേമനിധി ഉദ്യോഗസ്ഥന്മാർ നേരിട്ട് പരിശോധിച്ചപ്പോൾ ബോധ്യമായ തൊഴിലാളികളുടെ സ്ഥാനത്ത് വേറെ തൊഴിലാളികളെ പുറം വാതിലിലൂടെ കൊണ്ടുവരാൻ ശ്രമിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കേരളാ അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് 1991 മാർച്ച് 15 വരെ 4,45,66,704.21 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

(ബി) യും (സി) യും അബ്കാരി മേഖലകളും റേഞ്ചു് അടിസ്ഥാനത്തിലാണു് തിരിച്ചിട്ടുള്ളതെന്നതിനാൽ താലൂക്കുലെവലിലുള്ള വിവരങ്ങൾ ലഭ്യമല്ല.

(ഡി) യും (ഇ) യും വിവരങ്ങൾ ശേഖരിച്ചു നൽകാം.

(എഫ്) ഇതു സംബന്ധിച്ചു് ചില പരാതികളും ലഭിച്ചിട്ടുണ്ടു്.

ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നു് സർക്കാർ കടം എടുത്ത തുക

52 [2244] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
,, പി. എം. അബൂബക്കർ:
,, പി. സീതി ഹാജി:
,, കെ. മൊയ്തീൻകുട്ടി ഹാജി:
,, കൊരമ്പയിൽ അഹമ്മദു് ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നു് സർക്കാർ കടം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1-1-1991-ൽ എത്ര രൂപ തിരിച്ചു കൊടുക്കാനുണ്ടു്;

(സി) മറ്റേതെങ്കിലും സ്ഥാപനങ്ങൾ എടുത്ത കടം തിരിച്ചു നൽകുവാൻ ബാക്കി ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ 1-1-1991-ൽ എത്ര;

(ഇ) എന്തു പലിശ നിരക്കിലാണു് കടം കൊടുക്കുന്നതു്?

ഉത്തരം

(എ) ഉണ്ടു്.

(ബി) 44,49,38,111.11 രൂപ.

(സി) ഉണ്ടു്.

(ഡി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡു്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡു്, കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻ, ട്രാവൻകൂർ റയോൺസ് ലിമിറ്റഡു് എന്നീ സ്ഥാപനങ്ങൾക്കായി നൽകിയിട്ടുള്ള വായ്പ തുകയിൽ 1-1-1991-ൽ മുതൽ ഇനത്തിൽ ആകെ 202.15 ലക്ഷം രൂപയും പലിശയും പിഴ പലിശയുമായി 213.65 ലക്ഷം രൂപയും തിരികെ ലഭിക്കാനുണ്ടു്.

(ഇ) ബാങ്കു ഡിപ്പോസിറ്റിൻമേൽ അതതു കാലത്തു ബോർഡിനു ലഭിക്കുന്ന പലിശ കണക്കാക്കി പല സ്ഥാപനങ്ങൾക്കും പല നിരക്കിലുള്ള പലിശക്കാണു് കടം നൽകിയിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 50 (2242) കാണുക]

വർഷം	ജില്ല	തൊഴിലാളികളുടെ എണ്ണം	തുക (രൂപ)
(1)	(2)	(3)	(4)
1989	കൊല്ലം	883	7,70,250
	തിരുവനന്തപുരം	65	4,950
	ആലപ്പുഴ	6	3,600
	പത്തനംതിട്ട	2	1,200
1990	കൊല്ലം	1502	10,12,050
	തിരുവനന്തപുരം	65	67,350
	ആലപ്പുഴ	75	86,850
	പത്തനംതിട്ട	67	89,250
	തൃശ്ശൂർ	21	22,650
	കോഴിക്കോട്	15	12,150
	കണ്ണൂർ	19	20,250

LIBRARY ARCHIVES Kerala Legislative Assembly